(ബി) കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ ആഴക്കടൽ ഇപ്പോൾ എത്ര വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നുണ്ട്;

(സി) സംസ്ഥാന ഗവൺമെന്റിന് ഇതിനോടുള്ള സമീപനമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ കപ്പലുകൾ ഇവിടെ മത്സ്യബന്ധനം നടത്തുന്നതിനെതിരാണെങ്കിൽ പ്രതിഷേധം കേന്ദ്രത്തെ അറിയിച്ച് മറ്റ് സംസ്ഥാന ഗവൺമെന്റുകളുമായി യോജിച്ച് ഈ നയം തിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് കേന്ദ്ര സർക്കാരാണ് ലൈസൻസ് നൽകുന്നത്. വിദേശ ട്രോളറുകൾ സംബന്ധിച്ച കണക്ക് സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(സി ആന്റ് ഡി) ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് നയരൂപീകരണം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമാണ്.

ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കമ്പനികൾക്ക് ലൈസൻസ് നൽകിയ നടപടി

91 [248] ശ്രീ. ബിനോയ് വിശ്വം:
" മാങ്കോട് രാധാകൃഷ്ണൻ:
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കമ്പനികൾക്ക് നൽകിയ ലൈസൻസുകൾ റദ്ദാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശ കപ്പലുകളുടെ അത്യന്താധുനിക സജ്ജീകരണങ്ങളോടുകൂടിയ മത്സ്യബന്ധനം മത്സ്യ സമ്പത്തിനെ നശിപ്പിക്കുമെന്നുള്ളതുകൊണ്ട് അതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിലുള്ള ആഴക്കടൽ മത്സ്യബന്ധനംമൂലം മത്സ്യം കിട്ടാതെ തൊഴിൽ രഹിതരായിക്കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നയം തിരുത്തണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

(സി) ആഴക്കടൽ മത്സ്യബന്ധനംമൂലം മത്സ്യത്തൊഴിലാളികളോ അനുബന്ധ തൊഴിലാളികളോ തൊഴിൽ രഹിതരായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തണ്ണീർമുക്കം ബണ്ടുമൂലം വേമ്പനാട്ടു കായലിലെ മത്സ്യ സമ്പത്തിനുണ്ടായ നാശം

92 [249] ശ്രീ. എം. മുരളി:
„ കെ. മുഹമ്മദാലി:
„ എ. സുജനപാൽ:
„ വി. ഡി. സതീശൻ:
„ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർമുക്കം ബണ്ടുമൂലം വേമ്പനാട്ടു കായലിലെ മത്സ്യ സമ്പത്തിന് നാശമുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്രകാരമാണ് നാശം ഉണ്ടായതെന്ന് വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഇനങ്ങളിൽപ്പെടുന്നതും വ്യാവസായിക പ്രാധാന്യം ഉള്ളതുമായ മത്സ്യങ്ങൾക്കാണ് നാശം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തണ്ണീർമുക്കം ബണ്ട് കമ്മീഷൻ ചെയ്തതിനെത്തുടർന്ന് ജലാശയത്തിന്റെ ലവണസാന്ദ്രത കുത്തനെ താഴുകയും അത് ജല ജീവികളുടെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യം കാരണം കടൽ മത്സ്യങ്ങളുടെ പ്രവേശനം പരിമിതപ്പെടുകയും ചെയ്തു.

(സി) വിവിധ തരം കണമ്പ്, വരാൽ, ആറ്റുവാള, മുഷി തുടങ്ങിയ മത്സ്യങ്ങളേയും ചിപ്പി, കൊഞ്ച് എന്നിവയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly